# സ്ക്രീൻഷോട്ട്



# SCREENSHOT

# MESHSS PONNANI DIGITAL MAGAZINE

BY
LITTLE KITES UNIT
MESHSS PONNANI

*
*    സ്ക്രീൻഷോട്ടിലൂടെ..........
*
*
*
* സന്ദേശം
*
*
*ഫ്രീഡം ഫെസ്റ്റ് 2023
*
*
* പ്രകൃതിയുടെ വികൃതി
*
*
*കളിയും കാര്യവും
*
*
*മൗനിയാവുന്നത്
*
*
*യാത്രാമൊഴി
*
*
* റോബോട്ടിക് വർക് ഷോപ്പ്
*
*
*നിഴലാട്ടം
*
*
*പുതുതലമുറയും പുതു രുചികളും
*
*
*ഓർമ്മകൾ
*
*
*Orphans
*
*
*Take care about our planet
*
*
*ആത്മവിദ്യാലയം
*
*
* ഇവർ അഭിമാന താരങ്ങൾ
*
*
*A Wonderful Mother
*
*
*കോവിഡാനന്തര സമൂഹം നേരിടുന്ന വെല്ലുവിളികൾ
*
*
• നന്ദി

# സന്ദേശം

നമ്മുടെ വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് 'സ്ക്രീൻഷോട്ട്' എന്ന പേരിൽ ഒരു ഇ മാഗസിൻ പ്രസിദ്ധീകരിക്കുന്ന വിവരം അറിഞ്ഞതിൽ വളരെ സന്തോഷമുണ്ട്. വിദ്യാർത്ഥികൾക്കിടയിൽ സോഷ്യൽ മീഡിയ ഉപയോഗം വളരെയധികം കൂടിവരുന്ന ഈ കാലഘട്ടത്തിൽ ഒരു ഈ മാഗസിൻറെ പ്രസക്തി വളരെയധികം ആണ്.പുസ്തകത്താളുകളിലെ വായന മരിച്ചു കൊണ്ടിരിക്കുന്ന ഈ സമയത്ത് സാങ്കേതികവിദ്യയുടെ ചുവടുപിടിച്ച് നമ്മുടെ വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് ഏറ്റെടുത്ത ഈ ഉദ്യമം തികച്ചും അഭിനന്ദനീയമാണ്. ലിറ്റിൽകൈറ്റ്സ് ക്ലബ്ബിന് എല്ലാ വിജയാശംസകളും നേരുന്നു.

ഹെഡ്മിസ്ട്രസ്
ഷീബ എ വി

# ഫ്രീഡം ഫസ്റ്റ് 2023

ഫ്രീഡം ഫസ്റ്റ് 2023 പൊന്നാനി എംഇഎസ് ഹയർ സെക്കൻഡറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഫ്രീഡം ഫെസ്റ്റ് 2023 ഭാഗമായി ഓഗസ്റ്റ് 9ന് പ്രത്യേക അസംബ്ലിയിൽ സ്വതന്ത്ര വിജ്ഞാനോത്സവ സന്ദേശം വായിച്ചു







ഓഗസ്റ്റ് 11ന് ഡിജിറ്റൽ പോസ്റ്റൽ പോസ്റ്റർ നിർമ്മാണ മത്സരം സംഘടിപ്പിച്ചു. ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കിയ ഐടി കോർണറിന്റെ ഉദ്ഘാടനം സ്കൂൾ പ്രധാന അധ്യാപിക ശ്രീമതി  ഷീബ എ വി നിർവഹിച്ചു. സ്കൂളിലേക്ക് ലഭ്യമാക്കിയിട്ടുള്ള സ്വതന്ത്ര സോഫ്റ്റ്‌വെയറുകൾ ആയ ആർഡിനോ കിറ്റ്, എക്സ്പ് ഐസ് തുടങ്ങിയവ പ്രയോജനപ്പെടുത്തി റോബോട്ടിക്സ് പ്രോജക്ടുകളുടെയും ഉപകരണങ്ങളുടെയും എക്സിബിഷൻ ആണ് ഐടി കോർണറിൽ ഒരുക്കിയത്.



സ്കൂളിലെ എല്ലാ വിദ്യാർത്ഥികൾക്കും എക്സിബിഷൻ കാണാനുള്ള സൗകര്യം ഒരുക്കിയിരുന്നു. സജ്ജീകരിച്ച ഉപകരണങ്ങളെ കുറിച്ചും സ്വതന്ത്ര ഹാർഡ്‌വെയറുകളെ കുറിച്ചുള്ള വിശദീകരണങ്ങൾ ഹാളിൽ പ്രദർശിപ്പിച്ചു. ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ, ഗ്രൂപ്പുകളായി പ്രദർശന ഹോളിൽ എത്തിയ വിദ്യാർത്ഥികൾക്ക് ഉപകരണങ്ങളുടെ പ്രവർത്തനം വിശദീകരിച്ചു

.

*പ്രകൃതിയുടെ വികൃതി*



പ്രകൃതിയെ വികൃതമാക്കിയ
മനുഷ്യാ...
വികൃതി കാട്ടുന്ന പ്രകൃതിയെ
കാണുന്നുവോ നീ....
വേട്ടയാടുവാൻ നീ കൊതിച്ച മൃഗങ്ങൾ
നിന്റെ മുന്നിലൂടെയല്ലയോ ഉല്ലസിക്കുന്നത്
വീട്ടിലിരുന്നു വലയുമ്പോൾ
കൂട്ടിലടക്കപെട്ടവക്കും
ജീവനുണ്ടെന്ന കാര്യം ഓർക്കനീ......

തെളിഞ്ഞ മുഖമായി വിടർന്നു നിൽക്കാറുണ്ട് എങ്കിലും ഇടക്കൊന്ന് കറുത്തിരുണ്ട് പോകുമീ ആകാശം......

ഉള്ളിലോട്ട് പോകുംതോറും നിഗൂഢതകളുടെ കലവറ ആണുള്ളത് അനുഭവങ്ങളിൽ പച്ചപ്പ് നിറയ്ക്കുവാൻ മാത്രം പച്ചവിരിച്ച പറുദീസ

സഫാന കെ
10B

# കളിയും കാര്യവും

ഉല്ലാസം തുളുമ്പുന്ന ഈ ലോകത്തിൽ ദൈവം നമ്മെ അയച്ചത് സന്തോഷിക്കുവാനും ആസ്വദിക്കുവാനും ആണ് ജീവിതവിജയം കൈവരിച്ചതിൽ നിന്നോ,മതിമറന്ന് ആസക്തി പൂർണ്ണം നിർവഹിക്കുന്നതിൽ നിന്നോ സന്തുഷ്ടി കൈ വരണമെന്നില്ല മറ്റുള്ളവർക്ക് ഉപകാരിയായിരിക്കാനും അതുവഴി ജീവിതം ആസ്വദിക്കാനും സാധിക്കത്തക്കവിധം ബാലൻ ആയിരിക്കുമ്പോൾ തന്നെ തയ്യാറായിരിക്കുക അതുവഴി ശക്തിയും ആരോഗ്യവും ആർജ്ജിച്ചെ ടുക്കുകയാണ് സന്തുഷ്ടിയിലേക്കുള്ള ആദ്യ ചവിട്ടുപടി.

അഖില ലോക സാഹോദര്യ സംഘടനയായ ഭാരത് സ്കൗട്ട് ആന്റ് ഗൈഡ്സ് സ്ഥാപകനായ സർ റോബർട്ട് സ്റ്റീഫൻ സ്മിത്ത് ബേഡൻ പവൽ അദ്ദേഹത്തിൻറെ സന്ദേശത്തിൽ കുറിച്ചിട്ട വാക്കുകളാണിവ.

ഇന്ന് ലക്ഷോപലക്ഷം സ്കൗട്ടുകളും ഗൈഡുകളും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഈ പ്രസ്ഥാനത്തിൽ പ്രവർത്തിച്ചു വരുന്നു. ഇതിന്റെ ഒരു ഭാഗമാകാൻ ഞങ്ങൾക്കും കഴിഞ്ഞതിൽ അതിയായ സന്തോഷമുണ്ട്. കളികളിലൂടെയും സാഹസങ്ങളിലൂടെയും സമൂഹത്തിനും ജനങ്ങൾക്കും സേവനം ചെയ്യുക എന്ന ലക്ഷ്യത്തോടെയുള്ള ഈ സംഘടനയുടെ ഒരു യൂണിറ്റ് സ്കൗട്ട് ഒരു യൂണിറ്റ് ഗൈഡും ഞങ്ങളുടെ സ്കൂളിൽ സജീവമായി പ്രവർത്തിക്കുന്നു ഒരു യൂണിറ്റിൽ 32 അംഗങ്ങൾ വീതമാണ് പ്രവർത്തിക്കുന്നത്.

കേവലം ഒരു പട്ടാളക്കാരൻ ആയിരുന്ന ബേഡൻ പവ്വൽ തെക്കേ അമേരിക്കയിൽ മേധാവിയായിരുന്നപ്പോൾ ബ്രിട്ടീഷുകാരുടെ അധീനതയിലുള്ള മെഫേ കിംഗ് എന്ന പട്ടണത്തിൽ ബോവർ വർഗ്ഗക്കാർ ഉപരോധം ഏർപ്പെടുത്തി 217 ദിവസം നീണ്ടുനിന്ന ഉപരോധത്തിന്റെഫലമായി ആഹാരസാധനങ്ങൾ പോലും കിട്ടാതെ ജനങ്ങൾ വലഞ്ഞു..ഇതിനായി ബി പിയുടെ നേതൃത്വത്തിൽ ഒരുകൂട്ടം ബാലന്മാരെ സംഘടിപ്പിച്ച അവർക്ക് പരിശീലനം നൽകി.

കുട്ടികളുടെ സത്യസന്ധമായ പ്രവർത്തനവും അവർ പ്രകടിപ്പിച്ച മനോധൈര്യവും ചെറുചുറുക്കും ബിപിഎ സന്തോഷിപ്പിച്ചു. ശരിയായ പരിശീലനം നൽകിയാൽ കുട്ടികൾക്കും മുതിർന്നവരെപ്പോലെ കാര്യമായ പ്രവർത്തനം കാഴ്ചവെക്കാൻ കഴിയുമെന്ന് മനസ്സിലാക്കി ഇതിനായി ഇംഗ്ലീഷ് ചാനലിലുള്ള ബ്രൗൺസി ഐലൻഡിൽ വെച്ച് ജീവിതത്തിൽ വിവിധ തുറകളിലുള്ള 21 കുട്ടികളെ ഉൾപ്പെടുത്തി 197 ജൂലൈ 31 മുതൽ ആഗസ്റ്റ് 8 വരെ ഒരു ക്യാമ്പ് നടത്തി കുട്ടികളെ പെട്രോളുകൾ ആക്കി തിരിച്ച് ആരംഭിച്ച പ്രസ്ഥാനം പെട്ടെന്ന് വളരാൻ ഇടയായി

ചിട്ടയായ പ്രവർത്തനങ്ങളും സിലബസ്സും ഉള്ള ഈ പ്രസ്ഥാനം ഇന്ത്യയിൽ 1950 ൽ ഭാരത് സ്കൗട്ടും പിന്നീട് ഗേൾ ഗൈഡിംഗും നിലവിൽ വന്നു

2006 നവംബറിലാണ് ഈ പ്രസ്ഥാനം ഇവിടെ പ്രവർത്തനം ആരംഭിച്ചത് അന്നുമുതൽ ഇന്നുവരെ സജീവ പ്രവർത്തനങ്ങൾ ഈ പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ ഇവിടെ ഓരോ വർഷവും സംഘടിപ്പിക്കപ്പെടുന്നു പൂന്തോട്ടം നിർമ്മിച്ച് സംരക്ഷിക്കാൻ പച്ചക്കറിത്തോട്ടം വാഴ തോട്ടം എന്നിവയുടെ നിർമ്മാണം സ്കൂളും പരിസരവും വൃത്തിയായി സംരക്ഷിക്കൽ എന്നിവയിൽ ഓരോ സ്കൗട്ടും ഗൈഡും സന്നദ്ധത കാണിക്കാറുണ്ട്. ഇതിനോടനുബന്ധിച്ച് ക്യാമ്പുകളും കളികളും സാംസ്കാരിക പരിപാടികളും അവയിൽ ചിലത് മാത്രം പഠനപ്രവർത്തനങ്ങളിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾ പോലും ഇത്തരം പ്രവർത്തനങ്ങളിൽ സജീവമാകുന്നു. സ്വന്തമായി ഭക്ഷണം പാകം ചെയ്ത് വിതരണം ചെയ്യാനും വീടുകളിലമ്മമാരെ സഹായിക്കുന്നതിനും സ്കൂളിൽ നടക്കുന്ന വിവിധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാനും ഓരോ സ്കൗട്ടും ഗൈഡും പ്രാപ്തരാകുന്നു.

ഇപ്രകാരം സത്പ്രവൃത്തികളുടെയും സന്മനസ്സുകളുടെയും വരദാനമാണ് ഈ പ്രസ്ഥാനം പരസ്പര ധാരണയുടെയും സഹിത്വത്തിന്റെയും വൈകാരികത ഉൾക്കൊള്ളുന്ന ഒരു വിശ്വാസി സാഹോദര്യ പ്രസ്ഥാനമായി നിലകൊള്ളുന്ന ഭാരത് സ്കൗട്ട് ആൻഡ് ഗൈഡ്സിൽ ഭാഗമാകാനും ചുക്കാൻ പിടിക്കാനും കഴിഞ്ഞതിൽ ഞങ്ങൾ അതീവ സന്തുഷ്ടരാണ്

ഫൗസ്യ.വി

ഗൈഡ്ക്യാപ്റ്റൻ

# മൗനിയാവുന്നത്

ഹൃദയത്തോളം
ആഴമുള്ള
ഒരു മുറിവിന്റെ
നീറ്റലിൽ നിന്നുമാണ്
ഞാൻ മൗനത്തെ
പ്രണയിച്ചത്.......
പിന്നെയാണറിഞ്ഞത്
പരാജയപ്പെട്ട
പടയാളികളുടെ ഭാഷ
മൗനമാണെന്ന്
ലിപികളും
ഉച്ചാരണങ്ങളുമില്ലാത്ത
ആത്മാവിൻറെ ഭാഷ
പിഴുതെടുക്കാൻ കഴിയാത്ത
നാവാണ്
ജീവിതം
തീച്ചൂവപ്പുള്ള
ഒരു നുണയാണെന്നും
കിനാവുകൾ
ഒറ്റുകാരന്റെ ഭാഷയിൽ സംസാരിക്കുന്നുവെന്നും
അറിഞ്ഞതിൽപ്പിന്നെയാണ്
ഞാനും മൗനിയായത്




രെജൂലാൽ പി ബി

HST മലയാളം

# യാത്രാമൊഴി



നാംസ്വരുക്കൂട്ടിവെച്ച
സ്വപ്നങ്ങളൊക്കെയും
ഇന്നിതാ ചീട്ടുകൊട്ടാരം പോലെ
നിലം പരിശായിരിക്കുന്നു
 മനസ്സിനുള്ളിൽ തെളിഞ്ഞ
മഴവില്ലിനും നിറംമങ്ങിപ്പോയിരിക്കുന്നു
ഒന്നായലിയുവാനാണു
കൊതിച്ചതെങ്കിലും
അകലാനാണോ വിധി
നെഞ്ചോടടുക്കിപ്പിടിച്ച കിനാക്കൾ
ഹൃദയത്തോടു മന്ത്രിച്ച
സുരഭില മോഹങ്ങളെ
യാത്രാമൊഴിയേകുന്നുഞാൻ

അനീഷ് കെ
പൂർവവിദ്യാർഥി















# നിഴലാട്ടം



കാലമേറെയായ് അന്വേഷിപ്പൂ ഞാൻ
എവിടെ നിന്നാണോ കരളലിയിക്കും തേങ്ങൽ ?
കാറ്റിനോടും കടലിനോടും കാടിനോടും
ചോദിച്ചൂ എവിടെ നിന്നാണോ തേങ്ങൽ ?
കാറ്റും കടലും കണ്ണു ചിമ്മി പാഞ്ഞു പോയി
ക്രൂമൻ മൂളി കാട്ടിനുള്ളിൽ'അറിയില്ല ഞാനും'
ഒടുവിലെൻ യാത്രയിൽ കണ്ടെത്തിയപ്പോഴോ
ഒരായിരം ചൂണ്ടുവിരലൊന്നിച്ചു ചൊല്ലീ
'നീയാണു കാരണം, നീ തന്നെ കാരണം'
ഒന്നുമറിയാതെ പകച്ചു പോയ് ഞാൻ !
'കാലം മാറിയെന്നാത്മാവ് മന്ത്രിച്ചു'
'കണ്ണീർ തുടയ്ക്കാൻ പോകരുതേ !'

റൈഹാനത്ത് കെ

IX A

# പുതുതലമുറയും പുതുരുചികളും

മലയാളികളുടെ മാറിയ ഭക്ഷണ ശീലങ്ങളെ കുറിച്ചും മാറാത്ത രോഗദുരിതങ്ങളെ കുറിച്ചും ആണ് ഞാൻ ഇവിടെ പറയാൻ ആഗ്രഹിക്കുന്നത് ആരോഗ്യരംഗത്ത് ഒരുകാലത്ത് വികസിത രാജ്യങ്ങളെക്കാൾ മുന്നിൽ നിന്നിരുന്ന കേരളം ഇന്ന് ഇന്ത്യയിൽ തന്നെ ഏറ്റവും പിന്നിലേക്ക് പോയിരിക്കുന്നു ആരോഗ്യദായകത്ആഹാരങ്ങളും ആഹാരം പരിപാലന ഉപകരണങ്ങളും ആരോഗ്യ പരിപാലനം സൗന്ദര്യ സംരക്ഷണ ഉൽപ്പന്നങ്ങളും ഇന്ന് രോഗാവസ്ഥയുടെ പിടിയിലമർന്നിരിക്കുന്നു .ജീവിതശൈലി രോഗങ്ങൾ നമ്മളെ കീഴടക്കിയത് മാറിയ ഭക്ഷണ ശീലം മൂലമാണ്. ഇന്നത്തെ യുവതലമുറയും കുട്ടികളും ഫാസ്റ്റ് ഫുഡ് സംസ്കാരത്തിന് അടിമപ്പെട്ടിരിക്കുന്നു. കുട്ടികളുടെ എല്ലാം ഇഷ്ടഭക്ഷണം ആയി മാറിയിരിക്കുന്നു നമ്മുടെ ഭക്ഷണ ശീലങ്ങളിൽ നിന്ന് നാം വഴിമാറി നടക്കാൻ തുടങ്ങിയതോടെ നമ്മുടെ ആരോഗ്യവുംവും ക്ഷയിച്ചു തുടങ്ങിയിരിക്കുന്നു. മാറിക്കൊണ്ടിരിക്കുന്ന ഭക്ഷണ രീതി, ജീവിതശൈലി രോഗങ്ങളുടെ പ്രധാന കാരണമാണ് അമിതമായി കൊഴുപ്പടങ്ങിയ കൃത്രിമ ചേരുവകൾ ഉള്ളതുമായ ആഹാരങ്ങളുടെ സ്ഥിരമായ ഉപയോഗം ഭാവിയിൽ മാറാരോഗങ്ങൾ ക്ഷണിച്ചുവരുത്തും. പ്ലാസ്റ്റിക് പാത്രത്തിൽ പാക്ക് ചെയ്ത ലഭ്യമാകുന്ന ഭക്ഷണങ്ങൾ ഒഴിവാക്കുക ചൈനീസ് ഫാസ്റ്റ് ഫുഡ് ഭക്ഷണങ്ങളിൽ സ്വാദ് കൂട്ടാൻ ഉപയോഗിക്കുന്ന അജിനോമോട്ടോയുടെ സ്ഥിരമായ ഉപയോഗം തലച്ചോറിനെയും ദഹന വ്യവസ്ഥയെയും പ്രതികൂലമായി ബാധിക്കുന്നു. തിരക്കുപിടിച്ച ജീവിതത്തിൽ വ്യായാമമില്ലായ്മ ജീവിതശൈലി രോഗങ്ങൾക്ക് കാരണമാകുന്നു.നമ്മുടെ പഴയ ഭക്ഷണ സംസ്കാരം തിരിച്ചുപിടിക്കാൻ കഴിഞ്ഞാൽ പുതു തലമുറയെ മാരകരോഗങ്ങളുടെ പിടിയിൽ നിന്ന് നമുക്ക് രക്ഷിക്കാൻ കഴിയും ഇതാകട്ടെ ഇന്നത്തെ സന്ദേശം

സുഹൈൽ കെ
10 B

# ഓർമ്മകൾ



ചിതറി കിടക്കുന്ന എൻ

മധുരമാം ഓർമ്മകൾ ഇനിയും

മധുരം നുണയുവാൻ മോഹം

എന്തു മധുരം എന്നോതുവാൻ

ഇനിയും ദാഹം

മിഴിനീര് പൊഴിയാതെ

ഇടനെഞ്ച് പിടയാതെ ഞാൻ

ആരെയെല്ലാം ഓർക്കുന്നുവോ ഓർമ്മകൾക്ക് എന്ത് സുഗന്ധം ഓർമ്മകൾക്കെന്തൊരു മധുരം

സുഗന്ധം പൂശുവാൻ ഓർമ്മകൾ മാത്രം സുഗന്ധമായിരിക്കാനും ഓർമ്മകൾ ഇനിയും ഞാൻ ഓർക്കുന്നു

എന്റെ സുഗന്ധമായ ഓർമ്മകൾ


ഹിസാന പർവീൺ

Viii E

# Orphans



In the rainy night with Moody stars

Gloomy moon but I am alone here

Love for my father

care from mother

My dreams also died on the start

Hello moon can you take my tears

You know stars I am alone here

KADEEJA A

X C

# TAKE CARE ABOUT OUR PLANET



# ആത്മവിദ്യാലയം

ഇല്ല മറക്കാൻ കഴിയില്ലെനിക്കെന്നിൽ
അറിവിൻ വെളിച്ചം ആത്മാവിലെത്തിച്ച
സ്നേഹ സാഹോദര്യം എന്നിലലിയിച്ച
വർണ്ണ ലോകത്തിൻ ചിറകു മുളപ്പിച്ച
സ്വച്ഛവും ശാന്തിയും ജീവനിലേകിയ
അക്ഷരലോകത്തെ സ്നേഹിതയാക്കിയ
ഓർമ്മ തൻ താളിൽ രത്നം പതിപ്പിച്ച
സ്നേഹാലയമാം ആത്മവിദ്യാലയത്തെ
.




തെഫ്സീറ കെ

9B

# ഇവർ അഭിമാനതാരങ്ങൾ



HIBA FATHIMA MOHAMMED ALI
NATIONAL PARTICIPANT
TAEKWONDO  GIRLS UNDER 14



NOORSHAD ABOOBAKAR
NATIONAL PARTICIPANT
KABADI BOYS UNDER 14



MUHAMMED SINAN
NATIONAL PARTICIPANT
KABADIBOYS UNDER 14



# കോവിഡാനന്തര സമൂഹം നേരിടുന്ന വെല്ലുവിളികൾ

ലോകമെമ്പാടുമുള്ള രാജ്യങ്ങളും മനുഷ്യരും അവരുടെ ഇടങ്ങളിൽ അടക്കപ്പെടുന്ന അവസ്ഥ ആധുനികലോകത്ത് ഒരുപക്ഷേ ആദ്യമായിരിക്കും ചുരുങ്ങിയ സമയത്തിനുള്ളിൽ അതിവേഗം പടരുന്ന കോവിഡ്-19 എന്ന രോഗാണു ആധുനികലോകത്തെ എല്ലാവിധ സംവിധാനങ്ങളെയും ചോദ്യം ചെയ്യുന്ന എന്നതാണ് വസ്തുത ലോകാരോഗ്യസംഘടന ഇതൊരു മാരകരോഗം ആയി ചിത്രീകരിച്ചു കഴിഞ്ഞു

വിദ്യാഭ്യാസ സ്ഥാപനങ്ങൾ മുഴുവൻ ഓൺലൈനിലേക്ക് തിരിഞ്ഞു പുറത്തിറങ്ങിയാൽ രോഗപ്പകർച്ച ഭയന്ന് ഉയർന്ന വിദ്യാഭ്യാസം മുഴുവനും ടിവി ഫോൺ മേഖലയിലേക്ക് മാറ്റപ്പെട്ടു സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് ഏറെ പ്രയാസം അനുഭവപ്പെട്ടു. സ്കൂൾ വിദ്യാഭ്യാസം ലഭിക്കാത്ത കുട്ടികളും ഈ കൂട്ടത്തിൽ ഉണ്ടായിരുന്നു ഫോണിലൂടെ മാത്രമാണ് അവർ സ്കൂൾ എന്ന് അറിയുന്നത് ആരോഗ്യമേഖലയിൽ ഒട്ടനവധി ഗുരുതരമായ പ്രതിസന്ധികളെയും വെല്ലുവിളികളെയും ആണ് കോവിഡാനന്തരം നമ്മൾ നേരിട്ടുകൊണ്ടിരിക്കുന്നത്. ജീവിതശൈലി രോഗങ്ങളുടെ വർദ്ധനവ്, ആരോഗ്യ മേഖലയുടെ സ്വകാര്യവൽക്കരണം, സർക്കാർ ആശുപത്രികളുടെ പിന്നോക്കാവസ്ഥ ,സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളുടെ കടന്നുവരവ് ഇതൊക്കെയാണ് ആരോഗ്യ മേഖല സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ.

തൊഴിൽ മേഖലയിൽ വളരെയധികം പ്രതിസന്ധിയാണ് അനുഭവപ്പെടുന്നത് ഈ പ്രതിസന്ധി എല്ലാവരെയും ഒരുപോലെ അല്ല ബാധിക്കുന്നത് .സമ്പന്നർക്ക് അവരുടെ സമ്പാദ്യം കുറഞ്ഞേക്കാം മുതലാളിമാർക്ക് അവരുടെ ലാഭത്തിൽ ഇടിവ് വന്നേക്കാം പക്ഷേ പണിയെടുത്ത് ജീവിക്കുന്നവരുടെ അവസ്ഥ അതല്ല അവരുടെ ജീവിത മാർഗം ആണ് അടയുന്നത് ഇല്ലാതാക്കുന്നത് അതുകൊണ്ടുതന്നെ ഇരുകൂട്ടരുടെയും പ്രയാസങ്ങൾ ഒരുപോലെ കാണാനാകില്ല ഇത്രയെല്ലാം ആണ് കോവിഡ് മൂലം സമൂഹം നേരിടുന്ന വെല്ലുവിളികൾ.

# നന്ദി

ഇ വായനയുടെ പുതു ലോകത്തേക്ക് നമ്മളെകൈപിടിച്ചുയർത്തിയ സ്ക്രീൻഷോട്ടിന്റെ അണിയറ ശില്പികളോടുള്ള നന്ദിയും കടപ്പാടും പറഞ്ഞറിയിക്കാനാവാത്തതാണ് ഈ മാഗസിൻറെ നിർമാണത്തിൽ നമ്മോടൊപ്പം സഹകരിച്ച വിദ്യാർഥികൾ,അധ്യാപകർ,ഹെഡ്മിസ്ട്രസ് എല്ലാവർക്കും ഒറ്റവാക്കിൽ നന്ദി അറിയിച്ചുകൊള്ളുന്നു.

**‘Team Little Kites ‘**

**MESHSS PONNANI**